**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5352** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സംവിധാനത്തിലൂടെ ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത വകുപ്പിൽ നിന്ന് നൽകുന്ന വാഹനങ്ങളുടെ ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലൂടെയാണോ നൽകുന്നത്; വ്യക്തമാക്കാമോ; | (എ) | അതെ. 06/11/2024 ലെ G.O.(Rt) No 434/2024/Trans ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പ് നൽകുന്ന ഡ്രൈവിംഗ് ലൈസൻസുകളും 28/02/2025 ലെ G.O.(Rt) No 94/2025/Trans ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡിജിറ്റലൈസ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>രജിസ്ട്രേഷൻ നമ്പർ, Chassis നമ്പറിന്റെ അവസാന അഞ്ചക്കം എന്നിവ ഉപയോഗിച്ച് വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസ് അപേക്ഷ നമ്പർ ഉപയോഗിച്ചു കൊണ്ട് ഡ്രൈവിംഗ് ലൈസൻസും, വാഹൻ/സാരഥി പോർട്ടലിൽ ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഒ.ടി.പി. മുഖാന്തരം, പൊതുജനങ്ങൾക്ക്, ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്. കൂടാതെ ആർ.സി/ ലൈസൻസ് എം-പരിവാഹൻ, ഡിജി-ലോക്കർ എന്നീ പോർട്ടലുകളിലും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| (ബി) | ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും പ്രിന്റ് ചെയ്തു നൽകിയിരുന്നപ്പോൾ സ്വീകരിച്ചിരുന്ന സർവീസ് ചാർജും തപാൽ ചാർജും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ആർ സി ബുക്കും, ഡ്രൈവിങ് ലൈസൻസും പ്രിന്റ് ചെയ്തു നല്കിയിരുന്നപ്പോൾ 200/-രൂപ പ്രിന്റിങ് ചാർജ്, 45/- രൂപ പോസ്റ്റൽ ചാർജ്, സർവ്വീസ് ചാർജ് എന്നിവ ഈടാക്കിയിരുന്നു. നിലവിൽ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ 200/- രൂപ സർവ്വീസ് ചാർജ് മാത്രമാണ് ഈടാക്കുന്നത്. |
| (സി) | ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ, ഹൈപ്പോത്തിക്കേഷൻ നോട്ടിംഗ്, പേരുമാറ്റം തുടങ്ങി ഒറ്റ സർവീസ് ചാർജ് ആയിരുന്നവ ഡിജിറ്റൽ കാർഡ് സംവിധാനത്തിലേക്ക് മാറിയപ്പോൾ ഓരോന്നിനും പ്രത്യേകമായി സർവീസ് ചാർജ് ഈടാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഹൈപ്പോത്തിക്കെഷൻ ടെർമിനേഷൻ, ഹൈപ്പോത്തിക്കെഷൻ നോട്ടിങ്, പേരുമാറ്റം തുടങ്ങിയ സർവ്വീസുകൾക്കു ഡിജിറ്റൽ കാർഡ് സംവിധാനത്തിലേയ്ക്ക് മാറുന്നതിനു മുൻപ് ഓരോന്നിനും പ്രത്യേകമായി സർവ്വീസ് ചാർജ് ഈടാക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ കാർഡ് സംവിധാനത്തിലേയ്ക്ക് മാറിയതിനു ശേഷവും |

| | | | |
|---|---|---|---|
| | | | ഓരോന്നിനും പ്രത്യേകമായി സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ട്. |
| (ഡി) | വാഹനങ്ങളുടെ ആർ.സി. ബുക്ക് പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലൂടെ നൽകുമ്പോൾ ഡിജിറ്റൽ കാർഡ് ആക്കുന്നതിനായി പി.ഡി.എഫ്. ആയോ ഇമേജ് ആയോ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം പരിവാഹൻ ആപ്പിൽ ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഒരുക്കുമോ; വിശദമാക്കാമോ? | (ഡി) | പരിവാഹൻ ആപ്പിൽ നിന്നും വാഹനങ്ങളുടെ ആർ സി ഡിജിറ്റൽ കാർഡ് ആക്കുന്നതിനായി പി.ഡി.എഫ്. ആയോ ഇമേജ് ആയോ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ആപ്പിൽ നിന്നും VIRTUAL ആർ.സി. ലഭ്യമാണ്. എന്നാൽ പരിവാഹൻ പോർട്ടിൽ ആർ സി ഡിജിറ്റൽ കാർഡ് പി.ഡി.എഫ്. ആയോ ഇമേജ് ആയോ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ട്. |

സെക്ഷൻ ഓഫീസർ